പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.T2682

12/03/2018-ൽ മറുപടിക്ക്

## മങ്കട ഗവ.ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് 21/08/2014-ലെ ജി.ഒ (ആർ.ടി) നം.1989/14/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം 4,48,96,764/- (നാല് കോടി നാൽപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. KITCO മുഖാന്തിരം നടന്നു വരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തുകയുടെ 20% ആയ 89,79,353/- (എൺപത്തൊമ്പത് ലക്ഷത്തി എഴുപത്തൊമ്പതി നായിരത്തി മുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) രൂപ General Letter of Credit വഴി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക കിറ്റ്കോയ്ക്ക് അനുവദിക്കുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കുമോ;<br>(സി) നിലവിൽ കിറ്റ്കോ സമർപ്പിച്ചിരിക്കുന്ന ബിൽ തുക അനുവദിക്കുന്നതിനുള്ള സീനിയോറിറ്റി സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുമോ? | (ബി) & സി) 2014-ൽ സംസ്ഥാന സീനിയോറിറ്റി പ്രകാരം ബില്ല് മാറി നൽകുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. ഭരണാനുമതി പുറപ്പെടുവിച്ച പ്രവൃത്തി ആരംഭിച്ച് ആദ്യത്തെ ബില്ലും മാറിയതിനുശേഷം ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി 5.6.2015-ലെ സ.ഉ. (അച്ചടി) നമ്പർ 213/15/ധന ഉത്തരവിനനുസരിച്ച് ബില്ല് മാറി നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ |

പ്രസ്തുത പ്രവൃത്തിയുടെ മുഴുവൻ ബില്ലുകളും സംസ്ഥാന സീനിയോറിറ്റിയിൽ ഉൾപ്പെടുത്തി മാത്രമേ മാറ്റി നൽകുവാൻ സാധിക്കുകയുള്ളൂ. ഇക്കാരണത്താലാണ് രണ്ടാം ഗഡു KITCO-യ്ക്ക് അനുവദിച്ച് നൽകാൻ കാലതാമസമുണ്ടാകുന്നത്.

**സെക്ഷൻ ഓഫീസർ**